(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ആരോഗ്യമേഖല പൂർണ്ണമായോ ഭാഗികമായോ സ്വകാര്യവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമാക്കുമോ ;

(ഇ) താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കാൻ സ്വകാര്യ സംരംഭകരെ അനുവദിച്ച് രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യരംഗത്ത് സ്വകാര്യപങ്കാളിത്തം അനുവദിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യവൽക്കരണം ഉദ്ദേശിക്കുന്നില്ല. സ്വകാര്യപങ്കാളിത്തം സംബന്ധിച്ച് വിശദമായ ചർച്ചകളും പഠനങ്ങളും നടന്നുവരുന്നതേയുള്ളൂ. അന്തിമ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഇ) ഈ വിഷയത്തിൽ ലഭ്യമായ ചില പദ്ധതികൾ സർക്കാർ പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ പാട്ടത്തിന് നൽകുവാനുള്ള പദ്ധതി

123 (3077) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളോ സർക്കാർ ആശുപത്രികളോ പാട്ടത്തിന് എടുക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച്, ഏതെങ്കിലും പദ്ധതികൾ 'ജിമ്മിൽ' അവതരിപ്പിച്ചിരുന്നോ ; എങ്കിൽ അവ ഏതൊക്കെ എന്ന് വെളിപ്പെടുത്താമോ ;

(ബി) സർക്കാർ ആശുപത്രികൾ പാട്ടത്തിന് ഏറ്റെടുക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെ ആശുപത്രികളാണെന്നും ആരൊക്കെയാണ് ഇതിനായി പദ്ധതി സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളെ സ്വകാര്യവൽക്കരിക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നത് സർക്കാർ നയമാണോ എന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാരിന്റെ നയത്തിന് വിരുദ്ധമായ ഏതെങ്കിലും പദ്ധതികൾ ജിമ്മിൽ അവതരിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരം ഒരു പദ്ധതിയും ജിമ്മിൽ അവതരിപ്പിച്ചിട്ടില്ല.

(ബി) ഇല്ല. ഇത്തരത്തിലുള്ള ഒരു പദ്ധതിയും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) സർക്കാർ ആശുപത്രികളെ സ്വകാര്യവത്കരിക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നത് സർക്കാർ നയമല്ല. മറിച്ച്, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യ രംഗത്ത് സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

ഏകീകൃത പൊതുജനാരോഗ്യ നിയമം

124 (3078)ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ച വ്യാധികൾ പെരുകി വരുന്ന ഈ അവസരത്തിൽ സംസ്ഥാനത്ത് ഒരു "ഏകീകൃത പൊതുജനാരോഗ്യ നിയമം" കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

"ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ അസുഖങ്ങൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കാൻ നടപടി"

125 (3079)ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമീപകാലത്ത് പടർന്ന് പിടിച്ച ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ അസുഖങ്ങൾ ബാധിച്ചവർക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിനും രോഗപ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, മറ്റ് സാമൂഹ്യ, ആരോഗ്യപ്രവർത്തകർ എന്നിവർ ഉൾക്കൊള്ളുന്ന സമിതിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകുമോ ;

(ബി) സംസ്ഥാനത്തെ പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും ഡോക്ടർമാരുടെയും മറ്റും സേവനങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly